(ബി) കായംകുളം കായലിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഒരുകോടി രൂപകൂടി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സുനാമി പുനഃരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം കായലിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പുവഴി നടപ്പിലാക്കിയ പണി പൂർത്തീകരിച്ചു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

എൻഡോസൾഫാൻ ദുരന്തത്തിനിരയായവർക്ക് പുനരധിവാസ പദ്ധതി

55 (107) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരന്തത്തിനിരയായവർക്ക് എന്തൊക്കെ പുനഃരധിവാസ പദ്ധതികളും സഹായങ്ങളും നൽകുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരെ സംബന്ധിച്ച പൂർണ്ണമായ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) കാസർഗോഡിനു പുറമേ ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലും എൻഡോസൾഫാൻ ദുരിതം അനുഭവിക്കുന്നവർക്കും മതിയായ നഷ്ടപരിഹാരവും മറ്റ് ആശ്വാസ നടപടികളും കൈക്കൊള്ളുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുനഃരധിവാസത്തിനുവേണ്ടി നൂറുകോടി രൂപ അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും എൻഡോസൾഫാൻ ദുരിത ബാധിതരുടെ ചികിത്സയും പുനരധിവാസ പദ്ധതികളും എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ നടപ്പിലാക്കുന്നതിനും പുനരധിവാസ പദ്ധതിക്ക് സർക്കാർ തുക അനുവദിക്കുന്ന മുറയ്ക്ക് എൻ.ആർ. എച്ച്.എം. ഫണ്ടിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരികെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2000 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർ മുഖേനയാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ സ്ഥിതി വിവരകണക്കുകൾ ശേഖരിച്ചിരിക്കുന്നത്. പുതിയതായി എൻഡോസൾഫാൻ ദുരിതബാധിതരുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നത് സംബന്ധിച്ച് നടപടികളെക്കുറിച്ച് തീരുമാനിച്ചിട്ടില്ല.

(സി) കാസർഗോഡിനു പുറമേ ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ എൻഡോസൾഫാൻ കീടനാശിനിമൂലം ദുരിതമനുഭവിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല.

എൻഡോസൾഫാൻ ഉപയോഗം

56 (108) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട എൻഡോസൾഫാൻ അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച് വ്യാപകമായി തോട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) എൻഡോസൾഫാൻ രാജ്യത്ത് ഒട്ടാകെ നിരോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി ഏതെങ്കിലും പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ?